## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3638 — 25.06.2013 ൽ മറുപടിക്ക്

### പാലക്കാട് ജില്ലയിലെ റോഡപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | 2012-13 വർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്; ആയത് റോഡ് സുരക്ഷാ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (എ) | പാലക്കാട് ജില്ലയിൽ 2012-2013 വർഷങ്ങളിൽ ആകെ 3,121 റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 2012 വർഷത്തിൽ 2,160 റോഡപകടങ്ങളും 2013 വർഷത്തിൽ 961 റോഡപകടങ്ങളും ഉണ്ടായിട്ടുണ്ട്. ഇക്കാര്യം റോഡ് സുരക്ഷാ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുകയും പാലക്കാട് ജില്ലയിലെ റോഡ് സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിനായി 2012 വർഷത്തിൽ 10 ലക്ഷം രൂപ പാലക്കാട് ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് നൽകിയിട്ടുമുണ്ട്. |
| (ബി) | ആയതിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് ഗുരുതരമായിപരിക്കേറ്റു; വിശദാംശം നൽകുമോ; | (ബി) | 2012 ൽ 356 പേർ മരിക്കുകയും 1,122 പേർക്ക് പരിക്കേൽക്കുകയും 2013 വർഷത്തിൽ 168 പേർ മരിക്കുകയും. 532 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. |
| (സി) | റോഡുകളുടെ ശോചനീയാവസ്ഥയാണ് അപകടത്തിന്റെ പ്രധാന കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | അമിത വേഗതയും, അലക്ഷ്യവും അപകടകരവുമായ ഡ്രൈവിംഗും, ചട്ടങ്ങൾ പാലിക്കാത്തതുമാണ് അപകടങ്ങളുടെ പ്രധാന കാരണങ്ങൾ. റോഡുകളുടെ ശോചനീയാവസ്ഥയും ഒരു കാരണമാണ്. |

| | | | |
|---|---|---|---|
| (ഡി) | റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി പാലക്കാട് ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | പാലക്കാട് ജില്ലയിൽ റോഡപകങ്ങൾ കുറയ്ക്കുന്നതിനായി വാഹന പരിശോധന നടത്തി അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, എന്നീ കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും, ട്രാഫിക് നിയമ ലംഘനം നടത്തുന്നവരെ ബോധവൽക്കരിച്ചും റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | റോഡ് സേഫ്റ്റി അതോറിറ്റി പാലക്കാട് ജില്ലയിൽ എത്ര തവണ യോഗം ചേർന്നു? | (ഇ) | പാലക്കാട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകൃതമായതിനുശേഷം 10 തവണ യോഗം ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ